**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് – സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന. 1. ശ്രീ. മുരുകൻ s/o പ്രഭാകരൻ, മഴൂർകാവ്, വടവന്നൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024**

മേൽ സൂചന (1) പ്രകാരം ശ്രീ.മുരുകൻ, മഴൂർകാവ്, വടവന്നൂർ എന്നയാൾ നവകേരളസദസ്സ് മുഖേന വടവന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

വടവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം "പൊസ്സഷൻ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം നിലം എന്ന് കാണുന്നു. ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയ ഉത്തരവോ ഭൂമി പരിവർത്തന അനുമതി ഉത്തരവോ ഹാജരാക്കിയിട്ടില്ല. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി പരിവർത്തനപ്പെടുത്തിയ നെൽ വയലിലോ, തണ്ണീർത്തടത്തിലോ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വഭാവവ്യതിയാനം വരുത്തിയ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ എന്തെങ്കിലും പ്രവർത്തിയോ നിർമ്മാണമോ നടത്തുന്നതിനുള്ള ലൈസൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ പാടില്ലാ എന്ന് സെക്ഷൻ 14 ൽ നിഷ്കർഷിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ കാര്യത്തിൽ വകുപ്പ് 27(എ) യിൽ സൂചിപ്പിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ആർ.ഡി.ഒയിൽ നിന്നും ഉടമയ്ക്ക് ലഭ്യമാകുന്ന ഉത്തരവ് അടിസ്ഥാനമാക്കി പെർമിറ്റ് അനുവദിക്കുന്നതാണ് എന്നതിനാൽ ആയത് ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷ പരിഗണിക്കുവാൻ കഴിയുകയുള്ളൂ" എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നില്ലെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം കാണുന്നു. പഞ്ചായത്തിലെ ഫയൽ പരിശോധിച്ചതിൽ ടിയാന് പിന്നീട് കെട്ടിട നമ്പർ നൽകിയതായി കാണുന്നു. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 എ (6) പ്രകാരം കെട്ടിടനമ്പർ അനുവദിക്കാവുന്ന ഒരു കെട്ടിടത്തിനു നമ്പർ നൽകുന്നതിനു അനാവശ്യകാലതാമസം വരുത്തിയത് അംഗീകരിക്കാവുന്നതല്ല. ഇത്തരം നടപടികൾ സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഉണ്ടാവരുതെന്ന് ഓർമപ്പെടുത്തി ഈ ഫയൽ തീർപ്പാക്കി ഉത്തരവാകുന്നു.

.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ.മുരുകൻ, മഴൂർകാവ്, വടവന്നൂർ